വരാൻ ഗവൺമെന്റ് തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷകക്ഷിയംഗങ്ങൾ അല്പ സമയത്തിനുശേഷം വീണ്ടും ഹാജരായി.)

III ശ്രദ്ധ ക്ഷണിക്കൽ

(1) കായികതാരങ്ങൾക്ക് ക്ഷേമനിധി

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ കായികരംഗത്ത് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തെ മുൻനിർത്തിക്കൊണ്ട് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നുള്ളതാണ് എന്റെ ഈ കാളിംഗ് അറ്റൻഷന്റെ മുഖ്യമായ ഉദ്ദേശം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ നാല് വർഷങ്ങൾ കായിക രംഗത്ത് വൻനേട്ടങ്ങളുണ്ടാക്കിയ വർഷങ്ങളാണ്. ആരാധ്യയായ ഇൻഡ്യൻ പ്രസിഡന്റുതന്നെ കേരളത്തിൽ വന്ന് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി ഉത്ഘാടനംചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 24. ലക്ഷത്തിലധികം കുട്ടികളെ പരിശോധിച്ചു. ആകെ വിദ്യാർത്ഥികളിൽ 14 ശതമാനം മാത്രമേ കായികക്ഷമതയുള്ള കുട്ടികളുള്ളു. ജി. വി. രാജ സ്പോർട്സ് സ്കൂളിന്റേയും കണ്ണൂരിലെ സ്പോർട്സ് ഡിവിഷൻ സ്കൂളിന്റേയും പ്രവർത്തനത്തിൽ നന്നായിത്തന്നെ ഇടപെട്ട് അവ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമം നമ്മുടെ സ്പോർട്സ് മന്ത്രി നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽത്തന്നെ പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. നാഷണൽ ഗെയിംസ് നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും മന്ത്രി നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കായികരംഗത്ത്, ദേശീയനിലവാരത്തിലും സംസ്ഥാന നിലവാരത്തിലും അന്തർദ്ദേശീയനിലവാരത്തിലും സംഭാവന നൽകാൻ കഴിയുന്ന കായികതാരങ്ങൾ ഇന്ന് ഈ രംഗത്ത് ഉറച്ച് നിൽക്കുന്നില്ല എന്ന് അങ്ങേയ്ക്കുതന്നെ അറിയാം. രക്ഷകർത്താക്കൾ കുട്ടികൾ കായികരംഗത്ത് നിൽക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ഇന്ന് അവരുടെ ജീവിതത്തിൽ സുരക്ഷിതത്വം ലഭിക്കുമെന്ന് ഒരു ഉറപ്പുമില്ല. ഒരു കായികതാരത്തെ വാർത്തെടുക്കുന്നതിൽ പ്രാരംഭഘട്ടത്തിൽ രക്ഷകർത്താക്കൾക്ക് ഒരുപാട് ബുദ്ധിമുട്ടുകളും സാമ്പത്തിക പ്രയാസങ്ങളുമൊക്കെത്തന്നെ അനുഭവിക്കേണ്ടി വരികയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള ഏതാണ്ട് മുപ്പത്തിയെട്ടോളം വരുന്ന കായിക ഇനങ്ങൾതന്നെ ഇന്ന് സംസ്ഥാനത്തുണ്ട്. സ്കൂൾതല മത്സരങ്ങൾ, സർവ്വകലാശാലതല മത്സരങ്ങൾ, മറ്റ് സംസ്ഥാന അന്തർദ്ദേശീയ മത്സരങ്ങൾ തുടങ്ങിയവയിൽ വർഷംതോറും പതിനായിരക്കണക്കിലേറെ കായികതാരങ്ങൾ മത്സര രംഗത്ത് വരികയാണ്. ഇവരിൽ പലരും നല്ല നിലവാരം പുലർത്തുന്നവരാണ്. അങ്ങനെ നല്ല നിലവാരം

LIBRARY ARCHIVES Kerala Legislative Assembly

പുലർത്തുന്ന പലരേയും പിന്നീട് ഫീൽഡിലോ ട്രാക്കിലോ നമുക്ക് കാണാൻ കഴിയില്ല. മത്സരങ്ങളിൽ പങ്കെടുക്കുമ്പോഴുണ്ടാകുന്ന പരിക്കുമൂലം പല താരങ്ങളും മത്സരങ്ങളിൽ നിന്ന് പിൻമാറുകയാണ്. മത്സരിച്ച് വിജയിച്ചാൽ, മികവിന്റെ അംഗീകാരമായി നൽകേണ്ട ജോലിയും ജീവിത സുരക്ഷിതത്വവും അവർക്ക് നൽകുന്നതിനായി നമുക്ക് കഴിയുന്നില്ല. ഇപ്പോൾ ശാരീരിക മാനസിക ജീവിത സുരക്ഷയുടെ അഭാവം സംസ്ഥാന കായികകലയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുകയാണ്. ഇന്ന് ഇത് അത്‌ലറ്റിക്സ് അതുപോലെതന്നെ ഗെയിംസ് തുടങ്ങി എല്ലാ മേഖലകളിലും ഏറെ പ്രകടമാകുകയാണ്. അഖിലേന്ത്യാ യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റിൽ സ്വർണ്ണ മെഡൽ നേടിയ തിരുവനന്തപുരത്തുകാരനായിട്ടുള്ള സുകുമാരൻ ഇന്ന് കൂലിപ്പണിക്ക് പോകുന്ന വിവരം അങ്ങേയ്ക്കുകൂടി അറിയാവുന്ന കാര്യമാണ്. ഏഷ്യൻ ഗെയിംസിലെ ഇൻഡ്യയുടെ ലോംഗ് ജംപ് ചാമ്പ്യനായിട്ടുള്ള ടി. സി. യോഹന്നാന് ചാട്ടത്തിലുണ്ടായ പരിക്കുമൂലം പിന്നീട് തന്റെ പ്രതിഭ തെളിയിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇങ്ങനെ എത്രയോ കായികതാരങ്ങൾ ജീവിതത്തിൽ ഏൽക്കുന്ന ഇത്തരം പരിക്കുകളുടേയും വീഴ്ചയുടേയും ഫലമായി കായിക രംഗത്തുനിന്ന് പിൻമാറുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ഇന്ന് ലോക ഫുട്ബോൾ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഫുട്ബോളിനെപ്പറ്റി ചിന്തിച്ചാൽ ഏറെ ദു:ഖം തോന്നുന്ന സ്ഥിതിയാണുള്ളത്. കേരളത്തിന് സന്തോഷ് ട്രോഫി ലഭിച്ചപ്പോൾ ക്യാപ്റ്റനായിരുന്ന മത്സ്യത്തൊഴിലാളിയുടെ മകൻ ഇഗ്നേഷ്യസിന് എന്തെല്ലാം വാഗ്ദാനങ്ങളാണ് നമ്മൾ അന്ന് നൽകിയത്. ഇഗ്നേഷ്യസിന് ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടുള്ള അഞ്ച് സെന്റ് ഭൂമി അദ്ദേഹത്തിന് താമസിക്കുന്നതിനുവേണ്ടി പതിച്ച് കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള രണ്ട് സബ്മിഷനുകൾ ഞാൻ തന്നെ ഈ സഭയിൽ കൊണ്ടുവന്നതാണ്. പുത്തൻ തലമുറയിൽത്തന്നെ ഫുട്ബോൾ രംഗത്ത് മികവുകാട്ടിയ നിരവധി താരങ്ങൾ പരിക്കുപറ്റി പിൻമാറുകയോ പ്രാഗത്ഭ്യം തെളിയിച്ചിട്ടും അംഗീകാരം കിട്ടാത്തതിന്റെ അടിസ്ഥാനത്തിൽ ആ രംഗം വിടുകയോ ചെയ്യുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ഈ അടുത്ത കാലത്ത് മലയാള മനോരമ ഫുട്ബോളിനെ സംബന്ധിച്ച് നടത്തിയ ഒരു പഠനം പരിശോധിച്ചുനോക്കിയാൽ ഈ രംഗത്തെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്.

മി. സ്പീക്കർ : യേസ്.....യേസ്...

ശ്രീ. വി. ശിവൻകുട്ടി : സർ. വളരെ പ്രധാനപ്പെട്ട കാര്യമല്ലേ.? കായികതാരങ്ങളുടെ കളിക്കളത്തിലെ പല ഉജ്ജ്വല പ്രകടനത്തിനുശേഷവും അവരുടെ ഒരു രണ്ടാം വരവ് നമുക്ക് കാണാൻ കഴിയുന്നില്ല. ഇത് വളരെയധികം ഗൗരവമുള്ള ഒരു പ്രശ്നമാണെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് കുറച്ച് സഹായങ്ങളൊക്കെ കേരള ഗവൺമെന്റ് ചെയ്യുന്നു എന്നുള്ള വിവരം നമുക്കറിയാം, ഞാൻ അത് വിസ്മരിക്കുന്നില്ല. ഇപ്പോൾ തന്നെ കായികരംഗത്ത് നിൽക്കുന്നവർക്ക് ഒരു സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി 55 വയസ്സിനുശേഷം 500 രൂപയും 60 വയസ്സി

LIBRARY ARCHIVES Kerala Legislative Assembly

നുശേഷം 750 രൂപയും 70 വയസ്സിനുശേഷം 1000 രൂപയും വച്ച് ഏതാണ്ട് നൂറ്റമ്പതോളം വരുന്ന ആൾക്കാർക്ക് പെൻഷൻ കൊടുക്കുന്നു എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഇപ്പോൾ ദേശീയ അന്തർദ്ദേശീയ മത്സരത്തിൽ പങ്കെടുത്തവർക്ക് 2 കോടി 57 ലക്ഷം രൂപ ക്യാഷ് അവാർഡ് നൽകിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. കേരളത്തിലെ അവശകലാകാരന്മാർക്ക് ഏതാണ്ട് 550 രൂപ വച്ച് മാസം പെൻഷൻ കൊടുക്കുകയാണ്. ഇന്ന് കേരളത്തിൽ ഏതാണ്ട് മുപ്പതോളം വരുന്ന ക്ഷേമനിധികൾ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ നടത്തുകയാണ്. കയർ, കശുവണ്ടി, കൈത്തറി, വ്യാപാരി-വ്യവസായി, മോട്ടോർ അതുപോലെ അങ്ങ് തന്നെ നടപ്പിലാക്കിയ വക്കീൽ ഗുമസ്തൻ, ചുമട്ടുതൊഴിലാളി, കെട്ടിടനിർമ്മാണത്തൊഴിലാളി, തയ്യൽത്തൊഴിലാളി, ഹാൻഡിക്രാഫ്റ്റ്സ്, മത്സ്യത്തൊഴിലാളി തുടങ്ങിയ ഏകദേശം മുപ്പതോളം വരുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ നാൽപ്പത് ലക്ഷത്തോളം വരുന്ന ആൾക്കാരെ ബാധിക്കുന്ന നിലയിൽ അവർക്ക് പ്രയോജനം ചെയ്യുന്ന രൂപത്തിൽ ക്ഷേമനിധി നടപ്പിലാക്കിയിട്ടുണ്ട്. അതിലൊക്കെതന്നെ അവർക്ക് മരണം, അപകടം, ചികിത്സാഫണ്ട്, വിദ്യാഭ്യാസ ആനുകൂല്യം, വിവാഹസഹായം അതുപോലെതന്നെ പൊതു ആവശ്യത്തിന് ലോണൊക്കെത്തന്നെ ഗവൺമെന്റ് കൊടുക്കുകയാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കായികരംഗത്ത് ഒരു സമഗ്രമായ വികസനം വേണമെന്നതാണ് എന്റെ ആവശ്യം. അങ്ങ് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽപ്പോലും ഞാൻ നേരത്തെ സൂചിപ്പിച്ച പോരായ്മകൾ ഇന്ന് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി നിൽക്കുകയാണ്. ഇവർ ഈ കായിക രംഗത്ത് നിൽക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു ഉറപ്പുമില്ല. ഒരു ആനുകൂല്യം പ്രഖ്യാപിക്കുന്ന ആ സമയത്തല്ലാതെ പിന്നെ ഒരു ആനുകൂല്യവും കൊടുക്കുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിലൊക്കെത്തന്നെ പങ്കെടുത്ത് ഗോൾഡ് മെഡലൊക്കെ വാങ്ങിയവരൊക്കെപ്പോലും ഇപ്പോൾ കൂലിപ്പണിക്കാരായിട്ടൊക്കെ പോകുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. ഇന്ന് ഇപ്പോൾ മുപ്പത്തിയെട്ടോളം വരുന്ന അസോസിയേഷനുകളുണ്ടെങ്കിൽപ്പോലും ഈ അസോസിയേഷനുകൾക്കുവേണ്ടി സ്ഥിരമായ ഒരു സഹായവും ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് ഇന്ന് കേരളത്തിൽ നിലവിലുള്ള ഏത് ക്ഷേമനിധിയേക്കാളും മികച്ച ഒരു ക്ഷേമനിധി പ്രത്യേകിച്ച് കായിക രംഗത്ത് ഒരു പ്രത്യേക പരിഗണന കൂടി കൊടുത്തുകൊണ്ട്, അങ്ങയുടെ നേതൃത്വത്തിൽത്തന്നെ.... കായികരംഗത്ത് ഒരുപാട് കാര്യങ്ങൾ ചെയ്ത വ്യക്തി എന്നുള്ള നിലയിൽ കായിക രംഗത്ത് എല്ലാ കായിക താരങ്ങൾക്കും പ്രയോജനം ചെയ്യുന്ന, ഇന്ന് കേരള സംസ്ഥാനത്ത് നിലനിൽക്കുന്ന മറ്റ് ഏതൊരു ക്ഷേമനിധിയേക്കാളും മെച്ചപ്പെട്ട ഒരു ക്ഷേമനിധി കേരളത്തിലെ കായികതാരങ്ങൾക്കുവേണ്ടി രൂപീകരിച്ചാൽ അങ്ങ് ഇന്ന് ഇപ്പോൾ തുടങ്ങിവച്ച പരിശ്രമങ്ങൾക്ക് അത്യുജ്ജ്വലമായ വിജയം കണ്ടെത്താൻ കഴിയുമെന്നുള്ള കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ശിവൻകുട്ടി നൽകിയ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് വളരെ കാലികവും പ്രസക്തവുമാണ്. കായിക രംഗത്ത് അന്തർദ്ദേശീയ-ദേശീയ-സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കി സംസ്ഥാനത്തിന് അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കിയ നിരവധി കായികതാരങ്ങൾ ദുരിതമനുഭവിക്കുന്നവരായി നമ്മുടെ സംസ്ഥാനത്തുണ്ട്. അതിന്റെ ഒരുപാട് ഉദാഹരണങ്ങൾ ശ്രീ. വി. ശിവൻകുട്ടി ഇവിടെ ചൂണ്ടിക്കാണിച്ചു. ഒരു കാലത്ത് എല്ലാവരുടേയും കയ്യടി ഏറ്റുവാങ്ങിയ ഇവർക്ക് അഭിമാനകരമായ ഒരു ജീവിതം നയിക്കാൻ കഴിയുന്നില്ല എന്നത് ശോചനീയമായ ഒരവസ്ഥയാണ്. സംസ്ഥാന സർക്കാർ കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി കായികതാരങ്ങൾക്ക് എല്ലാ സംരക്ഷണവും നൽകുക എന്നത് ഒരു പ്രഖ്യാപിത നയമായി അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. സംസ്ഥാന സർക്കാർ കായികതാരങ്ങൾക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന ഇപ്പോൾ നൽകുന്ന പെൻഷൻ പദ്ധതിപ്രകാരം, ഇപ്പോൾ 150 പേർക്കാണ് ഈ വർഷം പെൻഷൻ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. 500 രൂപ മുതൽ 1000 രൂപവരെയുള്ള ഒരു പെൻഷൻ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. കൂടാതെ ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായവർക്ക് 2 കോടി 57 ലക്ഷം രൂപ ഇതുവരെ സർക്കാർ ക്യാഷ് ഇൻസെന്റീവായി നൽകിയിട്ടുണ്ട്. അത് സ്പോർട്സ് മന്ത്രിയുടെ മാത്രം നേട്ടമല്ല. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. കായികതാരങ്ങളുടെ പ്രശ്നം വന്നാൽ ഇക്കാര്യത്തിൽ മന്ത്രിസഭാ യോഗം തന്നെ വിളിച്ചുകൂട്ടി ഏകകണ്ഠമായാണ് തീരുമാനമെടുക്കുന്നത്. അതാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സമീപനം. അതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒളിമ്പ്യൻ പ്രീജാ ശ്രീധറിന്, എല്ലാവർക്കുമറിയാം നമ്മുടെ അഭിമാനമാണ്, അവർക്ക് 10 ലക്ഷം രൂപയാണ് നൽകിയത്. ദേശീയ സ്കൂൾ അത്ലറ്റിക് മീറ്റിൽ നാല് സ്വർണ്ണ മെഡലും ഒരു വെള്ളി മെഡലും നേടിയ ആലപ്പുഴയിലെ ശ്രീ. ആരിഫിന്റെ മണ്ഡലത്തിലെ ശ്രീമതി ഇ. എം. ഇന്ദുലേഖയ്ക്ക് 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ലോക പഞ്ചഗുസ്തി മത്സരത്തിൽ പങ്കെടുത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ശ്രീ. ഹരീഷിനും ശ്രീ. ജോബി മാത്യുവിനും ഓരോ ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. അന്തർദ്ദേശീയ കായികതാരമായ രഞ്ജിത് മഹേശ്വരിക്ക് ഒരു ലക്ഷം രൂപയും സർക്കാർ നൽകിയിട്ടുണ്ട്. ഇതൊക്കെ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനമാണ്. അത് മനസ്സിലാക്കണം. കഴിഞ്ഞവർഷം സർക്കാരിന് സംസ്ഥാന സ്പോർട്സ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്, അതൊരു ലാൻഡ്മാർക്കാണ്. ആ സ്പോർട്സ് കമ്മീഷന്റെ ശുപാർശകളെ അടിസ്ഥാനമാക്കി ഈ വർഷത്തെ ബഡ്ജറ്റിൽ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കാൻ ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ശിവൻകുട്ടി ഉന്നയിച്ച തരത്തിലുള്ള ക്ഷേമനിധി ദേശീയ തലത്തിൽ നിലവിലുണ്ട്. അതിന്റെ മാതൃകയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് ഈ പണം വിനിയോഗിക്കുന്നത്. സർക്കാർ വിഹിത ത്തിനുപുറമേ ഈ ഫണ്ടിലേയ്ക്ക് വിവിധ മേഖലകളിൽ നിന്ന് ധനസമാഹ രണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കു ന്നതിന് സംസ്ഥാന സർക്കാർ സ്പോർട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടി ട്ടുണ്ട്. കൗൺസിലിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് 'സംസ്ഥാന സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട്' എന്ന പേരിൽ കായികതാരങ്ങൾക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി : സർ, തീർച്ചയായും അങ്ങയുടെ പ്രഖ്യാപനം കേരളത്തിലെ കായിക ലോകം വളരെ ആവേശത്തോടുകൂടിയും സന്തോഷ ത്തോടുകൂടിയും സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. ഒരു പക്ഷേ ഐക്യകേരള രൂപീകരണത്തിന് ശേഷം ആദ്യമായിട്ടായിരിക്കും കേരളത്തിലെ കായിക രംഗത്ത് പ്രവർത്തിക്കുന്ന കായിക താരങ്ങളുടെ ക്ഷേമത്തിന് വേണ്ടിയും കായിക രംഗത്ത് അവർ ഉറച്ച് നിന്ന് പ്രവർത്തിക്കു ന്നതിന് വേണ്ടിയും ഒരു ക്ഷേമനിധി പ്രഖ്യാപിക്കുന്നത്, കേരളത്തിന്റെ ചരിത്രത്തിൽ ചിലപ്പോൾ ആദ്യമായിട്ടായിരിക്കും. സമയബന്ധിതമായി ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി അങ്ങ് എല്ലാ അസോ സിയേഷനുകളുടേയും യോഗം വിളിച്ചു ചേർത്ത്, ഇതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും ഇതിന് ഒരു ടൈംടേബിൾ ഉണ്ടാക്കുന്നതിനും തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : സമയബന്ധിതമായിത്തന്നെ ഇത് നടപ്പിലാക്കു ന്നതിനുവേണ്ടി അടിയന്തിരമായി ഒരു ഉന്നതതല യോഗം വിളിക്കുന്നതാണ്.

(2) വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ

ശ്രീ. സി. പി. മുഹമ്മദ് : സർ, കേന്ദ്ര സർക്കാർ കൊണ്ടുവന്ന വയോജന നിയമവും, കേരളം അംഗീകരിച്ചതിന് ശേഷവും നമ്മുടെ നാട്ടിൽ വയോ ജനങ്ങൾ പീഡിപ്പിക്കപ്പെടുന്നതിന്റെ കരളലിയിപ്പിക്കുന്ന കഥകളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ ജനസംഖ്യാനുപാതികമായി നോക്കി യാൽ ഏറ്റവും കൂടുതൽ വൃദ്ധജനങ്ങൾ കേരളത്തിലാണ്. 60 വയസ്സ് കഴിഞ്ഞ മാതാപിതാക്കളെ സംരക്ഷിക്കാത്തവർക്ക് പിഴ സഹിതം തടവ് ശിക്ഷ വിധിക്കാൻ നമുക്ക് നിയമമുണ്ട്. രാജ്യത്തെ വയോജനങ്ങൾ കോടതി കയറേണ്ട വസ്തുദാനവും സംരക്ഷണാവകാശവും സംബന്ധിച്ച് സുപ്രധാന വ്യവസ്ഥ സെക്ഷൻ 23/1-ൽ ഉണ്ട്. സംരക്ഷണോപാധികളോടെ വസ്തുദാനം ചെയ്താൽ വസ്തുകൈമാറ്റം ചെയ്തുകിട്ടിയ ആൾക്ക് ഈ സംരക്ഷണം നൽകാൻ ബാധ്യതയുണ്ട്. പക്ഷേ ഇതെല്ലാം നിയമം വന്നതുമുതലാണ്. മുൻകാല പ്രാബല്യമില്ല. 10,000 രൂപവരെ പിഴ വിധിക്കാനും ദാനം ചെയ്ത വസ്തു തിരിച്ചുപിടിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. പക്ഷേ ഇന്നും പലരും ആത്മഹത്യ ചെയ്യുകയാണ്. 'അച്ഛനമ്മമാരോട് നമ്മൾ' എന്ന